പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** — **04-10-2016 ൽ മറുപടിക്ക്**

**ഇ-ടെണ്ടർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി.കെ. ആശ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീ. കെ. രാജൻ** | | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം വഴി എന്തൊക്കെ നേട്ടങ്ങളാണ് കൈവരിക്കാനാകുന്നത്; വിശദമാക്കുമോ; | (ബി ) | ഈ സംവിധാനം വഴി പരമാവധി കവറേജ് ടെണ്ടറുകൾക്ക് കിട്ടാനും സുതാര്യത കൊണ്ടു വരാനും ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മലബാർ സിമൻറ്സ് പോലെയുള്ള കമ്പനികളിൽ ഏതാണ്ട് 5% വരെ ചെലവ് ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കാത്ത സ്ഥാപനങ്ങളിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 4 സ്ഥാപനങ്ങളിൽ ഒഴികെ ബാക്കി എല്ലാ സ്ഥാപനങ്ങളിലും ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നാല് സ്ഥാപനങ്ങളിൽ [Kerala Artisans Development Corporation, KELPALM, KEMDEL, Trivandrum Spinning Mills] അവയുടെ പ്രവർത്തന രീതിയിലുള്ള പ്രായോഗിക ബുദ്ധിമുട്ടുമൂലം ഇ-ടെണ്ടർ സംവിധാനത്തിലൂടെയല്ല ഇടപാടുകൾ നടത്തിവരുന്നത്. ഇത് പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ